# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 5876.

8..7..2013-ൽ മറുപടിക്ക്

## പാലുല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. വർക്കല കഹാർ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കാലിസമ്പത്തിലൂടെ പാലുത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ കാലിസമ്പത്ത് വർദ്ധിപ്പിക്കുകയും അത് വഴി പാലുത്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി (MSDP). ടി പദ്ധതി പ്രകാരം പശു വളർത്തൽ യൂണിറ്റുകൾ, കിടാരി വളർത്തൽ യൂണിറ്റുകൾ എന്നിവ തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുക, കറവയന്ത്രം വാങ്ങുന്നതിന് ധനസഹായം, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം, അവശ്യാധിഷ്ഠിത ധനസഹായം എന്നിവ അനുവദിക്കുക എന്നീ കാര്യങ്ങളാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.<br><br>കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രപദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റവിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീരകർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ വഴി ക്ഷീരകർഷകർക്ക് നൽകി വരുന്നു. |

| | |
|---|---|
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും പശു/കിടാരികളെ വാങ്ങുക എന്ന നിബന്ധന വച്ചിട്ടുള്ളതിലൂടെ സംസ്ഥാനത്തെ കുറഞ്ഞുകൊണ്ടിരിക്കുന്ന കാലിസമ്പത്ത് ഒരു പരിധിവരെയെങ്കിലും വർദ്ധിപ്പിക്കുകയും, അതുവഴി പാലുത്പാദനം വർദ്ധിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പശു/കിടാരി യൂണിറ്റുകൾക്ക് സബ്സിഡി അനുവദിക്കുക വഴി കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാനും ഈ പദ്ധതിമൂലം കഴിയുന്നുണ്ട്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് എന്ത് തുക നീക്കിവച്ചിട്ടുണ്ട്; | (സി) MSDP പദ്ധതിക്കായി നടപ്പുവർഷം ആകെ 20 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) നടപ്പുവർഷത്തെ MSDP പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.